ഉത്തരം

(എ) 117.41 ലക്ഷം രൂപ.

(ബി) സർക്കാർ അനുമതി നൽകിയിട്ടില്ല. എന്നാൽ സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടുകൂടിയാണ് വസ്തുക്കൾ വാങ്ങിയതും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതും.

ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം

86 [4965] ശ്രീ. ടി. എൻ. പ്രതാപൻ:
„ എൻ. ഡി. അപ്പച്ചൻ:
„ എൻ. ശക്തൻ:
„ കെ. അച്ചുതൻ:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗവൺമെന്റിന്റെ കാലത്ത് ജില്ലാ സഹകരണ ബാങ്കുകൾ ക്രമ രഹിതമായി വായ്പ കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര വായ്പകൾ കിട്ടാക്കടമായി കണക്കാക്കപ്പെടുന്നു; പ്രസ്തുത വായ്പകളിൽ ഉൾക്കൊള്ളുന്ന തുക ഒട്ടാകെ എത്രയാണ്;

(സി) ഇപ്രകാരം ഈ കാലത്ത് ജില്ലാ ബാങ്കുകൾ നൽകിയിട്ടുള്ളതും കിട്ടാക്കടമായി കണക്കാക്കിയിട്ടുള്ളതും ഓരോ വായ്പയിലും അഞ്ച് ലക്ഷമോ അതിൽ കൂടുതലോ രൂപ ഉൾക്കൊള്ളുന്നതുമായ വായ്പകൾ ആർക്കെല്ലാമാണ് നൽകിയതെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കോട്ടയം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലാ സഹകരണ ബാങ്കുകൾ.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യുക്കേഷന്റെ പ്രവർത്തനം

87 [4966] ശ്രീ. പി. സി. ജോർജ്ജ്:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. ടി. കെ. ദേവകുമാർ:
„ സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യുക്കേഷന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അക്കാഡമിയുടെ കീഴിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾക്കും മെഡിക്കൽ കോളേജിനും വ്യവസ്ഥാപിതമായ എല്ലാ അംഗീകാരവും ലഭ്യമാക്കിയിട്ടുണ്ടോ;

(സി) സംഘങ്ങളുടെ ട്രഷറി നിക്ഷേപ പദ്ധതിയിലൂടെ അക്കാഡമിയ്ക്ക് അർഹമായ ഗ്രാന്റ് പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; ഇതിനകമുള്ള നിക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ എന്തുതുക ഇനിയും ലഭിക്കാനുണ്ട്;

(ഡി) കൊച്ചിൻ മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം ഭൗതിക സൗകര്യങ്ങൾ ഇനിയും ഒരുക്കേണ്ടതായിട്ടുണ്ട്;

(ഇ) അക്കാഡമിയുടെ എന്തുതുക ഏതെല്ലാം സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(എഫ്) അക്കാഡമി ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കുകയുണ്ടായി എന്ന് പറയാമോ;

(ജി) അക്കാഡമിയുടെ 5 എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിപ്പിക്കുന്നതിന് തന്നാണ്ടിൽ എന്ത് തുക ചെലവ് കണക്കാക്കിയിട്ടുണ്ട്; തന്നാണ്ടിൽ എല്ലാ ഇനങ്ങളിലുമായി എന്ത് തുക വരവ് പ്രതീക്ഷിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എഞ്ചിനീയറിംഗ് കോളേജുകൾക്ക് 2003-04 അക്കാഡമിക് വർഷത്തിലേക്ക് എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ കൊച്ചി സഹകരണ മെഡിക്കൽ കോളേജിന് മൂന്നാം ബാച്ച് പ്രവേശനത്തിന് എം.സി.ഐ.-യുടെ അംഗീകാരം ഇതുവരെ ലഭ്യമായിട്ടില്ല.

(സി) ഇല്ല. ഇതിനകമുള്ള നിക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ 79.50 കോടി രൂപ ലഭിക്കേണ്ടതുണ്ട്. 20 കോടി രൂപ മാത്രമേ ഇതുവരെ ലഭിച്ചിട്ടുള്ളൂ. ബാക്കി 59.50 കോടി രൂപ അക്കാഡമിയ്ക്ക് ലഭിക്കാനുണ്ട്.

(ഡി) കൊച്ചി മെഡിക്കൽ കോളേജിന്റെ മൂന്നാം ബാച്ച് പ്രവേശനത്തിന് അംഗീകാരം നൽകുന്നതിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ അവസാനം നടത്തിയ പരിശോധനയിൽ (2003 മെയ് 5, 6 തീയതികളിൽ) ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ചിട്ടുണ്ട്.

(ഇ) സ്റ്റേറ്റ് കോ-ഓപ്പറേറീവ് ബാങ്കിൽ 350 ലക്ഷം രൂപ. ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 292 ലക്ഷം രൂപ. ഗവൺമെന്റ് ട്രഷറിയിൽ 500 ലക്ഷം രൂപ.

(എഫ്) എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും 10 കോടി രൂപ. അത് യഥാസമയം തിരിച്ചടയ്ക്കുകയും ചെയ്തു.

(ജി) ചെലവ് ആകെ 1906.86 ലക്ഷം രൂപയും വരവ് 379.24 ലക്ഷം രൂപയും.

LIBRARY ARCHIVES Kerala Legislative Assembly